LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മലപ്പുറം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിലേക്ക് തന്നെ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 6-5-2013-ൽ ശ്രീ. ജുനൈദ് കെ. എം. മുൻകൂർ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാനെ റിടുതൽ ചെയ്യുന്നതിനു തടസ്സമില്ലെങ്കിൽ ടി. വിവരം അറിയിക്കുവാൻ എൽ.ആർ.ഇ.6-37303/12 നമ്പർ കത്ത് പ്രകാരം മലപ്പുറം ജില്ലാ കളക്ടറോട് ലാന്റ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ശ്രീ. ജുനൈദിനെ റിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന് മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 15-7-2013-ൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ ഇൻഫർമേഷൻ ടെക്നോളജി (സി) വകുപ്പിൽ സമർപ്പിച്ചു. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനമെടുക്കേണ്ടത് പ്രസ്തുത വകുപ്പുതന്നെയാണ്. ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

കോടതിവിധി നടപ്പാക്കിക്കിട്ടുന്നതിനായി ഗോപാലൻ നാടാർ സമർപ്പിച്ച അപേക്ഷ

198 (7169) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1500/12/എം/റവന്യൂ നമ്പരായി 21-2-2012-ൽ ഗോപാലൻ നാടാർ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) നെയ്യാറ്റിൻകര റവന്യൂജില്ലയിൽ ഇരുനിൽ ദേശത്ത് താമരപ്പള്ളിവിള പുത്തൻവീട്ടിൽ ഗോപാലൻ നാടാരുടെ വസ്തു സംബന്ധമായ കേസിൽ ബഹു. മുനിസിഫ് കോടതിയുടെ ഒ.എസ്. 696/65-ാം നമ്പർ വിധിപ്രകാരം 4¼ സെന്റ് പുരയിടത്തിന് ഗോപാലൻ നാടാർക്ക് കൈവശാവകാശം സിദ്ധിച്ചതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിധിക്കെതിരെ എതിർകക്ഷി യോഹന്നാൻ നാടാർ വിവിധ കോടതികളിൽ (സബ് കോടതി, ജില്ലാ കോടതി, ഹൈക്കോടതി) നൽകിയ അപ്പീൽ തള്ളി, യോഹന്നാൻ നാടാർക്ക് മുൻ സർവ്വേ 39/26-ൽ 26½-സെന്റ് നിലത്തിന് മാത്രമേ അവകാശമുള്ളുവെന്ന് വിധി പ്രസ്താവിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത വസ്തുസംബന്ധമായി താലൂക്ക് സർവ്വേയർ ജില്ലാ ഹെഡ് സർവ്വേയർ എന്നിവർ തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് കോടതിവിധിക്കനുസരിച്ചാണോ തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത റിപ്പോർട്ട് കോടതിവിധി പ്രകാരമല്ലെങ്കിൽ അത്തരം റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതിന്റെ കാരണം വിശദമാക്കുമോ ;

(ജി) സർവ്വെയർമാർ തയ്യാറാക്കിയ തെറ്റായ റിപ്പോർട്ടുകൾ അസ്ഥിരപ്പെടുത്തുന്നതിനും കോടതിവിധി അനുസരിച്ച് ഗോപാലൻ നാടാർക്ക് അവകാശപ്പെട്ട ഭൂമി ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(എച്ച്) കോടതിവിധിക്ക് വിരുദ്ധമായി റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഐ) 2012 നവംബർ 8-ാം തീയതി കെ8/38314/12, ജി2/4566/12 എന്നീ നമ്പരുകളായി നെയ്യാറ്റിൻകര താലൂക്കിൽ നൽകിയ ഭൂമി പോക്കുവരവ് ചെയ്യുന്നതിനുള്ള അപേക്ഷയിന്മേൽ പ്രസ്തുത കോടതിവിധിയുടെ പശ്ചാത്തലത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതി വിധി അനുസരിച്ച് സിവിൽ നടപടിക്രമപ്രകാരം എക്സിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹു.ഹൈക്കോടതിയുടെ എസ്.എ.895/90 നമ്പർ ഉത്തരവിൽ ടി വസ്തുവിന്റെ നിയമാനുസൃത സർവ്വേ റിക്കാർഡുകളും സർവ്വേക്കല്ലുകളും സർവ്വേ അതിർത്തിയും പരിശോധിച്ച് സർവ്വേ നമ്പർ 39, 41 എന്നിവയുടെ പൊതു അതിർത്തി സ്ഥാപിക്കുന്നതിന് ജില്ലാ കളക്ടർ, തഹസീൽദാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതു പ്രകാരം സ്വീകരിച്ച നടപടിയിൽ ശ്രീ. ഗോപാലൻ നാടാർ എതിർപ്പ് പ്രകടിപ്പിച്ചതിനാൽ ഉഭയകക്ഷി സമ്മതപ്രകാരം തർക്കം പരിഹരിക്കുന്നതിന് ശ്രമിച്ചുവെങ്കിലും ആയതും പരാജയപ്പെട്ട സാഹചര്യത്തിലാണ് സിവിൽ നടപടി ക്രമപ്രകാരം എക്സിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കോടതിവിധിക്കനുസൃതമായാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

(എഫ്) ബാധകമല്ല.

(ജി) സർവ്വെയർമാർ തെറ്റായരീതിയിൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ഗോപാലൻ നാടാർക്ക് അവകാശപ്പെട്ട ഭൂമി ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) കോടതി വിധിക്ക് വിരുദ്ധമായി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

(ഐ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly